പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 146 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ; | (എ) | അതെ. 2011-2012 വർഷം മുതൽ ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷമായും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി തുക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് സ.ഉ.(എം.എസ്.) നം. 90/13/ത.സ്വ.ഭ.വ തീയതി, 14.03.2013 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാദ്ധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നതിന് 24.05.2013 തീയതിയിലെ സ.ഉ.(കൈ.) 193/13/തസ്വഭവ, 13.06.2013 തീയതിയിലെ 220/2013/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. |
| (ബി) | വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (ബി) | വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് 2011-12 വർഷത്തെ വായ്പാതുകയുടെ തിരിച്ചടവ് സംബന്ധിച്ച് സ.ഉ (കൈ)നം. 332/13/തസ്വഭവ തീയതി, 09.10.2013 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി | (സി) | 2011-12 വർഷത്തെ ബാദ്ധ്യത പരിഹരിക്കുന്ന |

| | | | |
|---|---|---|---|
| | വായ്പകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തിരിച്ചടയ്ക്കുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വായ്പാ തിരിച്ചടവിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ; | | തിന് എടുത്ത വായ്പാ തുകയുടെ മുതൽ 10 തുല്യഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും (ജനറൽ,എസ്.സി.പി, റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11,25% വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി മുതൽ തുക പ്രോജക്ട് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും തിരികെ അടച്ചുവരികയാണ്. |
| (ഡി) | വായ്പാ തിരിച്ചടവ് കുടിശ്ശിക ഇല്ലാതാക്കാൻ സർക്കാർതലത്തിൽ ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ? | (ഡി) | വായ്പാതുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന 2011-2012 - ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എടുക്കലും തിരിച്ചടവും - മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.337/13/തസ്വഭവ                തിരുവനന്തപുരം, തീയതി, 09.10.2013

---

പരാമർശം:- 1. 07.01.2012-ലെ സർക്കാർ ഉത്തരവ് (കൈ) നം.2/2012/ത.സ്വ.ഭ.വ
2. 16.03.2012-ലെ സർക്കാർ ഉത്തരവ് (കൈ) നം.88/2012/ത.സ്വ.ഭ.വ
3. 24.05.2013-ലെ സർക്കാർ ഉത്തരവ് (കൈ) നം.193/2013/ത.സ്വ.ഭ.വ.
4. 13.06.2013-ലെ സർക്കാർ ഉത്തരവ് (കൈ) നം.220/13/ത.സ്വ.ഭ.വ

**ഉത്തരവ്**

1. ഗ്രാമവികസന വകുപ്പ് മുഖേന, ത്രിതല പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ, ബ്ലോക്ക് പഞ്ചായത്തുവഴി നടപ്പാക്കിവരുന്ന ഇന്ദിരാ ആവാസ് യോജനയുടെ പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണ ധനസഹായം പരാമർശം (1)-ലെ ഉത്തരവുപ്രകാരം യഥാക്രമം 2 ലക്ഷം രൂപയായും, 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട ഐ.എ.വൈ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണ ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. 2011-12 ൽ എഗ്രിമെന്റുവച്ച് 15.09.2011-ന് ശേഷം മുഴുവൻ പ്രവൃത്തിയും നടത്തുന്നവർക്ക് ഈ നിരക്കിൽ മുഴുവൻ തുകയും, 15.09.2011-ന് മുൻപ് ഒന്നോ, അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നതെന്നും, ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണെന്നും മേൽ പരാമർശിത ഉത്തരവുകളിൽ സൂചിപ്പിച്ചിരുന്നു.

3. 2011-2012 ൽ എഗ്രിമെന്റ് വച്ചതും 15.09.2011-ന് ശേഷം മുഴുവൻ പ്രവൃത്തിയും നടത്തുന്നവർക്ക് ഒരു വീടിന് അധികസഹായമായി 75,000 രൂപ നിരക്കിൽ മുഴുവൻ തുകയും 15.09.2011 മുമ്പ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ചു ധനസഹായം ലഭ്യമാക്കിയവർക്ക് ഒരു വീടിനു 75,000 രൂപ എന്നനിരക്കിലുള്ള തുകയുടെ ആനുപാതിക നിരക്കിലുള്ള തുകയും നൽകുന്നതിന് 2011-2012 ൽ എഗ്രിമെന്റ്വച്ച ആകെ 42197 ഐ.എ.വൈ ഗുണഭോക്താക്കൾക്ക്വേണ്ടി ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരാമർശം 3ഉം 4ഉം സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി. സംസ്ഥാനത്തെ എല്ലാ ബ്ലോക്കുപഞ്ചായത്തുകളും ഈ ഇനത്തിൽ എടുക്കേണ്ട വായ്പാതുക 279.245 കോടി രൂപയാണെന്നും കണക്കാക്കിയിട്ടുണ്ട്. ഇങ്ങനെ എടുക്കുന്ന വായ്പാതുക ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും 10 തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടക്കേണ്ടതും, ഇതിന്റെ 11.25% പലിശ സർക്കാർ വഹിക്കുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് തുകയായ 48,500 രൂപയ്ക്കും, അധിക വിഹിതമായി നൽകുന്ന 75,000/- രൂപയ്ക്കും മേൽവരുന്ന തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അവരുടെ പ്ലാൻഫണ്ടിൽ നിന്നും കൊടുത്തു തീർക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

4. മേൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2011-12 ലെ ഐ.എ.വൈ പദ്ധതിയ്ക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്തുകൾ ത്രിതല സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കലും വിതരണവും, വായ്പ തുകയുടെ (Principal Amount) തിരിച്ചടവ്, പലിശ ഒടുക്കൽ, എന്നിവ സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

5. വായ്പ അനുവദിക്കലും വിതരണവും

(5.1) ബ്ലോക്ക് പഞ്ചായത്തിൽ 2011-2012 വർഷത്തിൽ എഗ്രിമെന്റ് വച്ച് വിവിധ ഗഡുക്കൾ വാങ്ങിയ വീടുകൾക്ക് 01.04.2011 മുതൽ 15.09.2011 വരെ നൽകേണ്ട അധിക സംസ്ഥാന സഹായമായ ഒരു വീടിന് 75,000 രൂപ എന്ന നിരക്കിന്റെ ആനുപാതിക വർദ്ധനവിന്റെ ആകെ തുകയും, 15.09.2011-ന് ശേഷം എഗ്രിമെന്റ് വച്ച വീടുകൾക്ക് നൽകേണ്ട ഒരു വീടിന് 75,000/- രൂപ എന്ന നിരക്കിലുള്ള ആകെ തുകയും കണക്കാക്കി വായ്പയുടെ തുക, പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടിക വർഗ്ഗവിഭാഗം എന്ന് തരംതിരിച്ച് തിട്ടപ്പെടുത്തേണ്ടതാണ്. തുടർന്ന് സഹകരണ

സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തിയതിനുശേഷം ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന സഹകരണ സ്ഥാപനത്തിലേക്ക് അപേക്ഷനൽകുകയും, വായ്പാ അനുമതി കത്ത് പ്രസ്തുത സഹകരണ സ്ഥാപനത്തിൽനിന്നും ലഭ്യമാക്കേണ്ടതുമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് വായ്പ ലഭ്യമാക്കാൻ സന്നദ്ധമായ ഏത് ത്രിതല സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാക്കാവുന്നതാണ് വായ്പാ അനുമതികത്ത് ലഭ്യമാക്കുന്നതിനെ തുടർന്ന് അനുബന്ധം-1 ൽ നൽകിയിരിക്കുന്ന മാതൃകയിൽ ബ്ലോക്ക് പഞ്ചായത്തുകൾ വായ്പ എടുക്കുന്നതിന് സർക്കാർ നിഷ്കർഷിച്ച നിബന്ധനകൾക്ക് വിധേയമായി വായ്പയെടുക്കുന്ന തുക, തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതം കേരളാ ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 1963 പ്രകാരമുള്ള സർക്കാർ അനുമതിക്കായി ജില്ലാദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ മുഖാന്തരം അപേക്ഷിക്കേണ്ടതാണ്. പ്രോജക്ട് ഡയറക്ടർമാർ ഈ അപേക്ഷകൾ പരിശോധിച്ച് അവ ക്രമത്തിലുള്ളതാണെന്നും, വായ്പാതുക, തിരിച്ചടവ് വിവരങ്ങൾ, ഭരണസമിതി തീരുമാനം, സഹകരണ സ്ഥാപനത്തിൽ നിന്നുള്ള വായ്പാ അനുമതികത്ത് എന്നിവ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്നും പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം ആയിരിക്കണം സർക്കാരിലേക്ക് അപേക്ഷകൾ അയക്കേണ്ടത്.

(5.2) വായ്പ എടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭിച്ചശേഷം 2011-12 ലെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം തുക വിതരണം ചെയ്യുവാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റേയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടേയും പേരിൽ ഇതിലേക്കായി പ്രത്യേക അക്കൗണ്ട് എടുക്കുകയും ഈ അക്കൗണ്ടിലേക്ക് ഒന്നോ അതിൽ കൂടുതലോ ഗഡുക്കളായി തുക സഹകരണ ബാങ്കിൽനിന്നും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുമാണ്.

(5.3) ഇപ്രകാരം ജോയിന്റ് അക്കൗണ്ടിൽ ലഭ്യമാക്കുന്ന തുക 15 ദിവസത്തിനകം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ് യാതൊരു കാരണവശാലും വിതരണം ചെയ്യാതെ ലോൺതുക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റേയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും അക്കൗണ്ടിൽ കിടക്കുവാൻ പാടുള്ളതല്ല.

(5.4) ഇപ്രകാരം എടുത്ത വായ്പയുടെ വിശദാംശങ്ങൾ അനുബന്ധം-2 ൽ നൽകിയിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് സമിതി

അംഗീകരിച്ച്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ വഴി. പ്ലാൻ അനുവദിച്ച് രണ്ടുമാസത്തിനകം ഗ്രാമവികസന കമ്മീഷണർക്ക് നൽകേണ്ടതാണ്. ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്തുകൾ അനുബന്ധം-2 ൽ പറഞ്ഞിരിക്കുന്ന തുകയ്ക്കുള്ള പ്രോജക്ട് വച്ച് തുക സഹകരണ സ്ഥാപനത്തിന് തിരിച്ചടച്ചു എന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പാക്കേണ്ടതാണ്.

## 6. വായ്പാ തുകയുടെ (Principal Amount) തിരിച്ചടവ്

(6.1) ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന വായ്പാതുക (Principal Amount) പത്ത് വർഷംകൊണ്ട് തുല്യഗഡുക്കളായി അവരുടെ പ്ലാൻഫണ്ടിൽ (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി.) നിന്നും തിരിച്ചടക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ടിൽനിന്നും എസ്.സി.പി./ടി.എസ്.പി. ഫണ്ട് വായ്പ തുക (Principal Amount) തിരിച്ചടയ്ക്കാൻ പര്യാപ്തമാകുന്നില്ലെങ്കിൽ പ്ലാൻ ഫണ്ടിന്റെ പൊതുവിഭാഗം ഫണ്ടിൽനിന്ന് എസ്.സി.പി./ടി.എസ്.പി. വായ്പ തുക തിരിച്ചടയ്ക്കേണ്ടതാണ്.

(6.2) ഇപ്രകാരമുള്ള ഓരോ വാർഷിക ഗഡുവും ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ പദ്ധതി തുകയിനത്തിൽ ലഭിക്കുന്ന ഗഡുക്കളിൽ നിന്നും രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ആഗസ്റ്റ് 31-നും, ഫെബ്രുവരി 28-നും വായ്പാതുക (Principal Amount) സഹകരണ ബാങ്കിൽ തിരിച്ചടക്കേണ്ടതാണ്.

(6.3) വായ്പാ തുകയുടെ (Principal Amount) തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അനുബന്ധം 3ൽ നൽകിയിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി പി.എ.യു. പ്രോജക്ട് ഡയറക്ടർമാർക്ക് നൽകേണ്ടതും, അവ ശേഖരിച്ച് ക്രോഡീകരിച്ച് ഗ്രാമവികസന കമ്മീഷണർ സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്.

(6.4) ഗ്രാമവികസന കമ്മീഷണർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് സമാന്തരമായി സഹകരണ സംഘം രജിസ്ട്രാറും മേൽപറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, ഗ്രാമവികസന കമ്മീഷണർക്കും, തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്കും ലഭ്യമാക്കേണ്ടതാണ്.

## 7. പലിശ ഒടുക്കൽ

വായ്പ ലഭ്യമാക്കിയ സഹകരണസ്ഥാപനത്തിൽനിന്നും പലിശയുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അനുബന്ധം-4 ൽ നൽകിയിരിക്കുന്ന മാതൃകയിൽ ശേഖരിച്ച് പി.എ.യു പ്രോജക്ട് ഡയറക്ടർവഴി ഗ്രാമവികസന കമ്മീഷണർക്ക് അയക്കുകയും, ഗ്രാമവികസന കമ്മീഷണർ പലിശ സംബന്ധിച്ച വിവരങ്ങൾ എല്ലാ വർഷവും ആഗസ്റ്റ്-31നും, ഫെബ്രുവരി 28-നും അർദ്ധവാർഷികമായി സർക്കാരിന് നൽകുകയും വേണം. പലിശ വിഹിതം നൽകുന്നതിന് ഇ.എം.എസ്. ഭവനപദ്ധതിയ്ക്ക് പലിശ നൽകുന്നതിനായുള്ള 2216-80-800-89 നോൺ പ്ലാൻ (വോട്ടഡ്) എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതം നീക്കി വെയ്ക്കപ്പെടുന്നതായിരിക്കും. പലിശ കൊടുക്കുന്നതിനാവശ്യമായ തുക അലോട്ട്മെന്റായി പി.എ.യു. പ്രോജക്ട് ഡയറക്ടർമാർക്ക് ഗ്രാമവികസന കമ്മീഷണർ നൽകണം. വായ്പാതുക (Principal Amount) തിരിച്ചടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, പലിശയുടെ തിരിച്ചടവ് ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും നിർവ്വഹിക്കേണ്ടതാണ്.

ഗ്രാമവികസന കമ്മീഷണർ, പി.എ.യു. പ്രോജക്ട് ഡയറക്ടർ വഴി പലിശയുടെ വിവരം ശേഖരിക്കുന്നതോടൊപ്പം സഹകരണ സംഘം രജിസ്ട്രാറും പലിശ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിൽ നിന്നും ശേഖരിച്ച് സർക്കാരിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. പലിശ സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താനാണിത്.

## 8. മറ്റിനങ്ങൾ

(8.1) പലിശ ഇനത്തിൽ ഓരോ വർഷവും വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക അതത് വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് നൽകുവാൻ ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമായ തുക ജില്ലക്ക് ആവശ്യാനുസരണം നൽകുന്നതിനും ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണ്.

(8.2) ബ്ലോക്ക് പഞ്ചായത്ത് തന്നെ നേരിട്ട് വായ്പാ തുക തിരിച്ചടയ്ക്കുന്ന രീതിയിൽ എടുത്ത വായ്പകൾ 10 വർഷക്കാലയളവിനുള്ളിൽ പ്ലാൻ ഫണ്ടിൽനിന്ന്

ചെലവഴിക്കത്തക്ക രീതിയിൽ പ്രോജക്ടുകൾ ഓരോ വർഷവും വയ്ക്കേണ്ടതാണ്.

(8.3) 'ആവാസ് സോഫ്റ്റിലെ' രേഖപ്പെടുത്തലുമായി സംയോജിപ്പിച്ചുകൊണ്ട് അധിക സാമ്പത്തിക സഹായം നൽകുന്നതിനായി ത്രിതല സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ സമാഹരിക്കുന്നതിനും, മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനും സഹായകരമായ സോഫ്റ്റ്‌വെയർ രൂപപ്പെടുത്തുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ വിവരങ്ങൾ ഗ്രാമവികസന കമ്മീഷണറേറ്റിലെ പ്ലാനിംഗ് & മോണിറ്ററിംഗ് വിഭാഗം ക്രോഡീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
2 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.